**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4413** **28-10-2021 - ൽ മറുപടിയ്ക്ക്**

**സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. V. N. Vasavan** (സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ കാര്യത്തിൽ ബ്രിട്ടീഷ് കാലത്തുള്ള നിയമങ്ങളാണ് നിലനിൽക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമ നിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (എ) | അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, സംഘങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് മലബാർ പ്രദേശത്ത് പ്രാബല്യത്തിലുള്ള 1860 -ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിനും സംസ്ഥാനത്തിന്റെ മറ്റ് പ്രദേശങ്ങൾക്ക് ബാധകമായ 1955 -ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ടിനും പകരമായി ഒരു ഏകീകൃത സൊസൈറ്റി നിയമം സംസ്ഥാനത്തു നടപ്പിലാക്കുന്നതു സംബന്ധിച്ച കരട് ബിൽ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സംഘടനകളുടെ രജിസ്ട്രേഷൻ ഒരു തവണ പുതുക്കി നൽകിയാൽ പ്രസ്തുത കാലാവധിക്കുള്ളിൽ സംഘടനക്കെതിരെ വസ്തുതാപരമായ പരാതി ലഭിച്ചാലും സംഘടനകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് രജിസ്ട്രാർക്ക് അധികാരമില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിയമ നിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും, ഇടപെടുന്നതിനും നിയമം വഴി ജില്ലാ രജിസ്ട്രാർക്ക് അധികാരമുണ്ടോ; ഇല്ലെങ്കിൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (സി) | അധികാരമില്ല. എന്നാൽ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്ന പക്ഷം അന്വേഷണം നടത്തുന്നതിനും മേൽ നടപടികൾ സ്വീകരിക്കുന്നതിനും 1955 -ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട്, സെക്ഷൻ 19 പ്രകാരം, രജിസ്ട്രാർക്ക്/ ഗവൺമെന്റ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് പരിശോധിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (ഡി) | രജിസ്ട്രാർ പ്രസ്തുത സംഘടനകളുടെ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിച്ച് നിജസ്ഥിതി ബോധ്യപ്പെട്ടതിനുശേഷം മാത്രമേ രജിസ്ട്രേഷൻ | (ഡി) | നിലവിലില്ല. 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1955 – ലെ തിരു-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | പുതുക്കാറില്ല എന്ന വ്യവസ്ഥ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമ നിർമ്മാണം വഴി ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ? | | ആക്ട് എന്നിവ പ്രകാരം രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി നൽകുകയല്ല, നിയമാനുസൃത പൊതുയോഗം കൂടി അംഗീകരിക്കുന്ന വാർഷിക റിട്ടേണുകൾ അതാത് ജില്ലാ രജിസ്ട്രാർ ഓഫീസുകളിൽ ഹാജരാക്കുന്ന മുറയ്ക്ക് നിയമാനുസൃതം ഫയൽ ചെയ്യുകയാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ